©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2018 ഏപ്രിൽ 6<br>6th April 2018<br>1193 മീനം 23<br>23rd Meenam 1193<br>1940 ചൈത്രം 16<br>16th Chaithra 1940 | നമ്പർ<br>No. 886 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 18/2018/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2018 മാർച്ച് 31 / 1193 മീനം 17.*

**എസ്. ആർ. ഒ. നമ്പർ 203/2018.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിന്റെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'വഴി പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി പ്രസ്തുത ഗ്രാമപഞ്ചായത്തുമായി ആലോചിച്ചശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഇതിനാൽ ഒഴിവാക്കിയിരിക്കുന്നു.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/1295/2018/S-11.

## പട്ടിക

| | | |
|---|---|---|
| ജില്ല | .. | എറണാകുളം |
| താലൂക്ക് | .. | കുന്നത്തുനാട് |
| വില്ലേജ് | .. | കിഴക്കമ്പലം |
| ഗ്രാമപഞ്ചായത്ത് | .. | കിഴക്കമ്പലം |
| ബ്ലോക്ക് നമ്പർ | .. | 25 |
| റീസർവ്വേ നമ്പർ | .. | 47/10 |
| വിസ്തീർണ്ണം | .. | 3.90 ആർ. |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | .. | എടത്തിക്കാട്-തണ്ടികമുകൾ പഞ്ചായത്ത് റോഡ്. |
| തെക്ക് | .. | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് 87-ാം നമ്പർ അംഗൻവാടി, റീസർവ്വേ നമ്പർ 47/17-ഉം തണ്ടികമുകൾ പാപ്പു വക വസ്തു, റീസർവ്വേ നമ്പർ 47/18-ഉം. |
| കിഴക്ക് | .. | നെല്ലിക്കാത്തുകുഴി റഫീക്ക് വക വസ്തു, റീസർവ്വേ നമ്പർ 47/23-2. |
| പടിഞ്ഞാറ് | .. | പഞ്ചായത്ത് റോഡ്. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ബി. അശോക്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും, കിഴക്കമ്പലം വില്ലേജ്, റീസർവ്വേ നമ്പർ 47/10-ൽപ്പെട്ടതുമായ 3.90 ആർ 'വഴി പുറമ്പോക്ക്' ഭൂമി ശ്രീമതി ഐശു വലിയപറമ്പിൽ എന്ന വ്യക്തിക്ക് പതിച്ചുകൊടുക്കുന്നതിനായി ടി ആക്റ്റിലെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കുവാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.